(ഡി) സംസ്ഥാനത്ത് ലഭ്യമാകുന്ന കുടിവെള്ളം ഉൾപ്പെടെ എല്ലാ ഭക്ഷ്യ വസ്തുക്കളുടെയും സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. നിശ്ചിത നിലവാരമില്ലാത്ത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുകയോ വിതരണം നടത്തുകയോ വിൽപ്പന നടത്തുകയോ ചെയ്യുന്നവർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിലും ചട്ടത്തിലും അനുശാസിക്കും പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ഹോട്ടലുകളിലെ ഭക്ഷ്യസാധന പരിശോധന**

**76 (8136)** ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കഴിഞ്ഞ വർഷം സംസ്ഥാനത്ത് എത്ര ഹോട്ടലുകളിൽ നിന്ന് പഴകിയ ഭക്ഷ്യസാധനങ്ങൾ പിടിച്ചിട്ടുണ്ട് ; എത്ര ഹോട്ടലുകൾ പൂട്ടിയിട്ടുണ്ട് ; വിശദാംശം നൽകുമോ ;

(ബി) ഒരിടവേളക്കുശേഷം പരിശോധന മന്ദഗതിയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഭക്ഷ്യ സുരക്ഷാവിഭാഗം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 147 ഹോട്ടലുകളിൽ നിന്ന് പഴകിയ ഭക്ഷണ സാധനങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്. 64 ഹോട്ടലുകൾ പൂട്ടിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരുടെ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് സംസ്ഥാനത്ത് പരിശോധന കർശനമായി തുടരാൻവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

**ടോൾഫ്രീ നമ്പരിലൂടെ ഭക്ഷ്യസുരക്ഷാ വകുപ്പിലേയ്ക്ക് പ്രതിദിനം ലഭിക്കുന്ന പരാതികൾ**

**77 (8137)** ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ടോൾ ഫ്രീ നമ്പരിലൂടെ ഭക്ഷ്യസുരക്ഷാ വകുപ്പിലേക്ക് പ്രതിദിനം നിരവധി പരാതികൾ ലഭിക്കുന്നുണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ; പ്രസ്തുത

LIBRARY ARCHIVES Kerala Legislative Assembly

പരാതികളിന്മേൽ യഥാസമയം നടപടികളുണ്ടാകുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതെപ്പറ്റിയുള്ള വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ലഭിക്കുന്ന പരാതികൾ ഇ-മെയിൽ മുഖാന്തിരം ജില്ലകളിലേയ്ക്ക് കൈമാറി ഉടൻനടപടികൾ സംബന്ധിച്ച റിപ്പോർട്ട് ഉറപ്പുവരുത്താറുണ്ട്. എന്നാൽ ജീവനക്കാരുടെയും വാഹനങ്ങളുടെയും കുറവുമൂലം പരാതി ലഭിക്കുന്ന സമയംതന്നെ ആയത് പരിശോധിക്കുവാൻ പരിമിതി നേരിടുന്നുണ്ട്. എന്നിരുന്നാലും ലഭിക്കുന്ന പരാതി മുഴുവൻ സമയബന്ധിതമായി പരിശോധിച്ച് നടപടി സ്വീകരിക്കാറുണ്ട്.

**മായം ചേർത്ത വെളിച്ചെണ്ണ**

**78 (8138)** ശ്രീ. സാജു പോൾ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ബി. സത്യൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

പാരഫിൻ, വാക്സ് തുടങ്ങിയ വസ്തുക്കൾ ചേർന്ന ഭക്ഷ്യ എണ്ണ കാൻസർ ഉൾപ്പെടെയുള്ള മാരകരോഗങ്ങൾക്ക് കാരണമായേക്കാമെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വിഷാംശം വലിച്ചെടുക്കുന്ന ഔഷധക്കുട്ട്**

**79 (8139)** ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പഴങ്ങൾ, പച്ചക്കറി, ധാന്യങ്ങൾ എന്നിവയിലെ വിഷാംശം വലിച്ചെടുക്കുന്നതിനായി കാസർഗോഡ് സ്വദേശിയായ ഡോ. കെ. മോഹനൻ നീണ്ട ഗവേഷണത്തിനൊടുവിൽ ഔഷധക്കുട്ട് വികസിപ്പിച്ചെടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മാരകമായ കീടനാശിനികളും രാസവളങ്ങളും പ്രയോഗിക്കുന്നതുമൂലം പച്ചക്കറികളിലും പഴങ്ങളിലും ധാന്യങ്ങളിലും അടിഞ്ഞുകൂടുന്ന വിഷം പൂർണ്ണമായി വലിച്ചെടുക്കാൻ കഴിയുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly